പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2217 18.12.2012 -ലെ മറുപടി

കെ.എസ്.ആർ.ടി.സി. യുടെ ആധുനികവൽക്കരണം

ചോദ്യം

ശ്രീ. കെ. വി. വിജയദാസ്

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. പ്രതിദിനം ലാഭത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; അല്ലെങ്കിൽ വിശദാംശം നൽകുമോ; | (എ) | കെ.എസ്.ആർ.ടി.സി. പ്രതിദിനം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കെ.എസ്.ആർ.ടി.സി. യുടെ ശരാശരി പ്രതിദിന വരവ് 4.8 കോടി രൂപയും, ചെലവ് 6.90 കോടി രൂപയുമാണ്. |
| (ബി) | നഷ്ടത്തിലാണെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലാഭത്തിലാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ; | (ബി) | കെ.എസ്.ആർ.ടി.സി. യുടെ ദൈനംദിന വരുമാനത്തിൽ നിന്നും പെൻഷൻ നൽകുന്നതിനാലും, സാമൂഹിക ബാദ്ധ്യത ഏറ്റെടുക്കുന്നതിനാൽ വരുന്ന നഷ്ടവും ആണ് നഷ്ടത്തിന് പ്രധാന കാരണം. പലിശയിനത്തിലും വലിയ തുക ചിലവാക്കേണ്ടി വരുന്നു. നഷ്ടത്തിലോടുന്ന ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചും, ചെലവുകൾ കുറയ്ക്കാവുന്ന മേഖലകളിൽ ആയത് കുറച്ചും വരവും ചെലവും തമ്മിലുള്ള അന്തരം കുറയ്ക്കുവാൻ ശ്രമിച്ച് വരുന്നു. |
| (സി) | കെ.എസ്.ആർ.ടി.സി. യുടെ മോഡണൈസേഷൻ സംബന്ധിച്ച എന്തെങ്കിലും ശാസ്ത്രീയ പഠനം സർക്കാർ നടത്തിയിട്ടുണ്ടോ; | (സി) | കെ.എസ്.ആർ.ടി.സി. യുടെ പുനരുദ്ധാരണം ലക്ഷ്യമാക്കി പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിനായി M/s. Varma & |

| | | | |
|---|---|---|---|
| | ഇല്ലെങ്കിൽ പ്രായോഗികവും സമഗ്രവുമായ ഒരുപഠനം നടത്തി കെ.എസ്.ആർ.ടി.സി.യെ പുരോഗതിയിലേക്ക് നയിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | Varma എന്ന Chartered Accounting സ്ഥാപനത്തെ നിയോഗിക്കുകയുണ്ടായി. പ്രസ്തുത സ്ഥാപനം സമർപ്പിച്ച വിശദമായ പഠന റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് വരികയുമാണ്. |
| (ഡി) | കെ.എസ്.ആർ.ടി.സി. നഷ്ടത്തിലാണെങ്കിൽ ആയതിന്റെ കാരണങ്ങളുടെ സംക്ഷിപ്ത വിവരം നൽകുമോ? | (ഡി) | 1984 -ൽ ഒരു സഞ്ചിത നിധി രൂപീകരിക്കാതെ സർക്കാർ നിർദ്ദേശാനുസരണം ഏർപ്പെടുത്തിയ പെൻഷൻ സമ്പ്രദായവും, പെൻഷൻ നൽകുന്നതിനായി വായ്പ എടുത്ത തുകയുടെ തിരിച്ചടവും സാമൂഹിക പ്രതിബദ്ധതയുടെ പേരിൽ കെ.എസ്.ആർ.ടി.സി. നൽകുന്ന സേവനങ്ങൾ കാരണം മൂലമുണ്ടാകുന്ന നഷ്ടം എന്നിവയാണ് കെ.എസ്.ആർ.ടി.സി.യുടെ നഷ്ടത്തിന്റെ കാരണങ്ങൾ. |

Geetha…

സെക്ഷൻ ഓഫീസർ